# ലബോറട്ടറിയിൽ നിർമ്മാണ പ്രവൃത്തികളില്ലാത്തതിനാൽ അതിന് ഇ.എസ്.ഐ. നിയമം ബാധകമല്ല

## ആന്ധ്രപ്രദേശ് ഹൈക്കോടതി

C.M.A. No. 124/2007 Dt. 16.3.2018

നാഗാർജ്ജുന ഹെൽത്ത് കെയർ സെന്റർ
x
എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ്
കോർപ്പറേഷൻ

രക്തവും മറ്റും പരിശോധിക്കുന്ന ലബോറട്ടറിയാണ് മേനേജ്മെന്റ് നടത്തുന്നത്. പരിശോധനക്കായി ശേഖരിച്ച രക്തവും മറ്റും കേടുകൂടാതെ സൂക്ഷിക്കുന്നതിനു വേണ്ടി അവ കോൾഡ് സ്റ്റോറേജിലാണ് വച്ചിട്ടുള്ളത്. പരിശോധനക്ക് നേതൃത്വം നല്കുന്നത് ഡോക്ടർമാരാണ്. യാതൊരു നിർമ്മാണ പ്രവർത്തനവും അവിടെ നടക്കുന്നില്ല. അപ്രകാരമിരിക്കെ ഇ.എസ്.ഐ. ഇൻസ്പെക്ടർ ലബോറട്ടറി സന്ദർശിച്ച് പരിശോധന നടത്തുകയും മേലധികാരിക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. സ്ഥാപനത്തിന് ഇ.എസ്.ഐ. നിയമം ബാധകമാണെന്നാണ് ഇൻസ്പെക്ടർ ശിപാർശ ചെയ്തത്. ആ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഇ.എസ്.ഐ. റീജണൽ ഡയറക്ടർ അന്വേഷണ നടപടികൾ ആരംഭിച്ചു. സ്ഥാപനത്തിന്റെ തടസ്സവാദങ്ങൾ തള്ളിക്കളഞ്ഞ ഇ.എസ്.ഐ. അധികൃതർ സ്ഥാപനത്തിന് ഇ.എസ്.ഐ. നിയമം ബാധകമാണെന്ന് പ്രഖ്യാപിക്കുകയും വിഹിതം നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തു. ഇതിനെതിരെ സ്ഥാപനം എംപ്ലോയീസ് ഇൻഷുറൻസ് കോടതിയിൽ പരാതി നല്കി. ഇൻഷുറൻസ് കോടതി ഇ.എസ്.ഐ. അധികൃതരുടെ ഉത്തരവ് ശരിവയ്ക്കുകയാണു ചെയ്തത്. അതിനെതിരെ സ്ഥാപനം ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. ലബോറട്ടറിയിൽ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നില്ലെന്നും അതിനാൽ ലബോറട്ടറി 'ഫാക്ടറി' എന്ന പദത്തിന്റെ നിർവ്വചനത്തിൽപ്പെടില്ലെന്നും ഇ.എസ്.ഐ. നിയമം ബാധകമല്ലെന്നും സ്ഥാപനം വാദിച്ചു. ശേഖരിച്ച രക്തവും മറ്റും വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന കോൾഡ് സ്റ്റോറേജിൽ സൂക്ഷിക്കുന്നതിനാൽ ലബോറട്ടറി ഫാക്ടറിയാണെന്നും ഇ.എസ്.ഐ. നിയമം ബാധകമാണെന്നും ഇ.എസ്.ഐ. അധികൃതർ വാദിച്ചു. ലബോറട്ടറിയിൽ നിർമ്മാണ പ്രവൃത്തികൾ നടക്കുന്നില്ലെന്നും ഊർജ്ജം ഉപയോഗിച്ചതുകൊണ്ട് മാത്രം സ്ഥാപനം ഫാക്ടറി എന്നതിന്റെ നിർവ്വചനത്തിൽ ഉൾപ്പെടില്ലെന്നും വിലയിരുത്തിയ ഹൈക്കോടതി ഇൻഷുറൻസ് കോടതിയുടെ വിധിയും ഇ.എസ്.ഐ. അധികൃതരുടെ ഉത്തരവും റദ്ദാക്കുകയും സ്ഥാപനത്തിന് ഇ.എസ്.ഐ. നിയമം ബാധകമല്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്തു.